Circular No: SBV07/2019-21

# സമസ്ത കേരള സുന്നി ബാലവേദി


**(Under: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ)**

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം - 673 636. ഫോൺ: 0494 2400530, 2400749

**website: www.sksbvstate.com, Email: sksbvstate@gmail.com**


---

*സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ, മദ്റസ യൂണിറ്റ് സുന്നി ബാലവേദി ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്.*

മാന്യരെ, അസ്സലാമു അലൈക്കും.

താഴെ പറയുന്ന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടത്താനായി അഭ്യർത്ഥിക്കുന്നു. അല്ലാഹു നമ്മുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുകയും ഖബൂൽ ചെയ്ത് അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ-ആമീൻ.

**മുഹർറം 1, പുതുവർഷ പ്രതിജ്ഞ**: മദ്റസ സദർ ഉസ്താദ് അസംബ്ലി വിളിച്ചു ചേർത്ത് മുഹററത്തിന്റെ പ്രാധാന്യത്തെ കുറിച്ച് അഞ്ച് മിനുട്ടിൽ കൂടാതെ വിശകലനം ചെയ്യുക. കൂടാതെ ്എസ്.കെ.എസ്.ബി.വി യൂണിറ്റ് സെക്രട്ടറി പ്രതിജ്ഞ ചൊല്ലി കൊടുക്കുക.

> *നന്മയാണ് എന്റെ ജീവിത വീക്ഷണം. മാതാപിതാക്കൾ, സഹോദര സഹോദരിമാർ, മറ്റു കുടുബാംഗങ്ങൾ, അധ്യാപകർ, തുടങ്ങിയവരെല്ലാം എന്റെ ഗുണകാംക്ഷികളാണ്. അവർ കാണിച്ച വഴികളിലൂടെ മാത്രമാണ് എന്റെ സഞ്ചാരം. ദുശ്ശീലങ്ങളിൽ നിന്ന് അകന്ന് നിൽക്കാനും നന്മകളെ പുൽകാനും ഈ പുതു വർഷം ഞാൻ വിനിയോഗിക്കും. കൂട്ടുക്കാർ, വിദ്യാഭ്യാസം, ആരോഗ്യസുരക്ഷ, സമാധാനം ഇവ നമ്മുടെ അവകാശമാണ്. അത് നേടിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ഒപ്പം നമുക്ക് ചുറ്റും നന്മയുടെ സുരക്ഷാവലയം സൃഷ്ടിക്കാൻ ഈ പുതുവത്സര ദിനത്തിൽ പ്രതിജ്ഞയോടെ കൈ കോർക്കാം.*

**അനുഗ്രഹ സഞ്ചാരം** *(സെപ്തംബർ 12)*: തിരഞ്ഞെടുത്ത പുതിയ യൂണിറ്റ് ഭാരവാഹികൾ റെയിഞ്ച് പരിധിയിലെ സമസ്തയുടെ നേതാക്കളെ സന്ദർശിക്കുക. മഖ്ബറകൾ സിയാറത്ത് ചെയ്യുക, പ്രത്യേക പ്രാർത്ഥന നടത്തുക.

**ഗുരുമുഖത്ത്** *(സെപ്തംബർ 15, മുഅല്ലിം ഡേ ദിനത്തിൽ)*: മദ്റസ ഉസ്താദുമാരെ ആദരിക്കുക, മദ്റസ വിദ്യാർത്ഥികൾക്ക് മധുരം നൽകുക.

മുതിർന്ന ക്ലാസിലെ കുട്ടികൾ ചെറിയ ക്ലാസിലെ കുട്ടികൾക്ക്, നിശ്ചിത പാഠ ഭാഗങ്ങൾ പഠിച്ചു തയ്യാറായി വന്നു (ഉസ്താദുമാരുടെ ഉപദേശങ്ങൾക്ക് വിധേയമായി) ക്ലാസ് എടുത്തു നൽകുക.

**മുഅല്ലിം ഡേ പ്രചരണം:** എസ്.കെ.എസ്.ബി.വി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വാർത്താബോർഡ് സ്ഥാപിക്കൽ, സർക്കുലർ കോപ്പി വീടുകളിൽ എത്തിക്കൽ, ക്ഷണക്കത്ത് നൽകൽ എന്നിവ നടത്തേണ്ടതാണ്.

**ലോക ഭക്ഷ്യദിനം** *(ഒക്ടോബർ 16)*: ഭക്ഷണം പാഴാക്കുന്നതിനെ കുറിച്ചുള്ള ഹദീസുകൾ, ഭക്ഷണ മര്യാദകൾ എന്നിവ നോട്ടിസ് ബോർഡിൽ ഉൾപ്പെടുത്തുക.

**സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ**

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വാട്സ്ആപ്പ് : **9207000424**

ഇ-മെയിൽ: **sksbvstate@gmail.com**

ചേളാരി
20/08/19

ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി

NB: **ഈ സർക്കുലർ ഫോട്ടോകോപ്പിയെടുത്ത് മദ്റസകളിലേക്ക് എത്തിക്കേണ്ടതാണ്.**